<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പന്ത്രണ്ടാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1629

05.12.2014 ലെ
മറുപടിയ്ക്ക്

## നൃൂനപക്ഷ വികസനം

**ചോദ്യം**

ശ്രീ. എം. ഉമ്മർ

ഈ സർക്കാർ അധികാരമേറ്റ ശേഷം ന്യൂനപക്ഷ വിഭാഗത്തിന്റെ നാനോന്മുഖ വികസനത്തിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് ; വിശദമാക്കുമോ?

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി)

താഴെ ചേർത്ത പദ്ധതികൾ നടപ്പാക്കി വരുന്നു.

1. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് യു.പി.എസ്.സി, പി.എസ്.സി, ബാങ്കിംഗ് സർവ്വീസ് തുടങ്ങിയ മത്സര പരീക്ഷകൾക്ക് ഹ്രസ്വകാല പരിശീലനം നൽകുന്നതിന് 'മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം' എന്ന പേരിൽ പരിശീലനകേന്ദ്രങ്ങളും അവയുടെ ഉപകേന്ദ്രങ്ങളും ആരംഭിച്ച് പ്രവർത്തിച്ചു വരുന്നു.
2. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി
3. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങളുടെ സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും ധനസഹായ പദ്ധതി.
4. 2014-15 സാമ്പത്തിക വർഷം മുതൽ സി.എച്ച്.മുഹമ്മദ്കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് പദ്ധതി (പുതിയത്) വകുപ്പ് നേരിട്ട് നടപ്പാക്കുന്നു.
5. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതി.
6. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പരിപാടി.
7. എസ്.എസ്.എൽ.സി പരീക്ഷയിൽ ഉറുദു ഒന്നാം ഭാഷയായെടുത്ത് മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് നൽകുന്ന ക്യാഷ് അവാർഡ്
8. സി.എ/ഐ.സി.ഡബ്ല്യൂ.എ/സി.എസ് കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.
9. ദ്വിവത്സര ഐ.റ്റി.സി.കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്കുള്ള ഫീ റീഇംബേഴ്സ്മെന്റ് സ്കീം.
10. ന്യൂനപക്ഷ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിന് ഹ്രസ്വകാല ഫെല്ലോഷിപ്പ്.
11. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്കും, വിവാഹബന്ധം വേർപ്പെടുത്തിയവർക്കും, ഉപേക്ഷിക്കപ്പെട്ടവർക്കുമുള്ള ഭവന നിർമ്മാണ പദ്ധതി.

12. വയനാട് ജില്ലയിലെ നാല് ബ്ലോക്കുകളായ മാനന്തവാടി, സുൽത്താൻ ബത്തേരി, പനമരം, കൽപ്പറ്റ എന്നിവിടങ്ങളിലും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലും കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി).
13. ന്യൂനപക്ഷ സർട്ടിഫിക്കറ്റ് ഏർപ്പെടുത്തി.
14. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചു. വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു.
15. ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചു.

<u>കൂടാതെ മുൻവർഷങ്ങളിൽ താഴെ ചേർത്ത പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്.</u>

16. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി/ പ്ലസ് ടു, ബിരുദ വിദ്യാർത്ഥികൾക്ക് വ്യക്തിത്വ വികസന പരിപാടി.
17. ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വനിതകൾക്കായിട്ടുള്ള കാലിഗ്രാഫി പരിശീലന പദ്ധതി.
18. മദ്രസ്സ അദ്ധ്യാപക ക്ഷേമനിധിയിലെ അംഗങ്ങളുടെ ബിടെകിന് പഠിക്കുന്ന കുട്ടികൾക്ക് സൗജന്യ ലാപ്ടോപ്പ്
19. 9-ാം ക്ലാസ്സിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സൗജന്യ പഠനമേശയും കസേരയും വിതരണം.

സെക്ഷൻ ഓഫീസർ